മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 11

# വാർത്താക്കുറിപ്പ്

---

## സംയുക്ത ഗവേഷണ പ്രോജക്ട്; ഫ്രഞ്ച് പ്രതിനിധികൾ എം.ജി. സർവകലാശാലയിൽ

ഇൻഡോ-ഫ്രഞ്ച് സംയുക്ത ഗവേഷണ പ്രോജക്ടിന്റെ ഭാഗമായി ഫ്രാൻസിലെ ലൊറെയ്ന് സർവകലാശാലയിൽനിന്നുള്ള പ്രഫ. ഇസബെല് ആൻ മറിയും പ്രഫ. ഴാംഗ് ലൂയി ലൊമെലിയും മഹാത്മാ ഗാന്ധി സർവകലാശാലയിലെത്തി.

മെക്കാനിക്കൽ എനർജി ഹാർവെസ്റ്റിംഗിനുള്ള പിസോഇലക്ട്രിക് ജനറേറ്ററുകളെക്കുറിച്ചുള്ള പഠനമാണ് സംയുക്ത ഗവേഷണത്തിന്റെ ഭാഗമായി ഇപ്പോള് നടന്നുവരുന്നത്.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. നന്ദകുമാർ കളരിക്കലും ഫ്രാൻസിൽനിന്നുള്ള പ്രഫ. ദിദിയെർ റൗക്സെലുമാണ് പദ്ധതിയിലെ പ്രിൻസിപ്പൽ കൊളാബ്രേറ്റർമാർ. എം.ജി. സർവകലാശാലാ വൈസ് ചാന്സലർ പ്രഫ. സാബു തോമസ് ജോയിന്റ് കൊളാബ്രേറ്ററും എം.പി ശ്രീലക്ഷ്മി, മെയ്തെ ഫെർണാണ്ടസ് എന്നിവർ റിസേർച്ചർമാരുമാണ്.

സർവകലാശാലയിലെ ഇൻറർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻൻസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് എന്നിവിടങ്ങളിലെ ഗവേഷകരുമായി സംവദിച്ച ഫ്രഞ്ച് പ്രതിനിധികൾ സർവകലാശാലയിൽ പ്രഭാഷണ പരമ്പരയിൽ പങ്കാളികളാകുന്നതിന് സന്നദ്ധത അറിയിച്ചു.

ഫോട്ടോ ക്യാപ്ഷൻ...

പ്രഫ. ഇസബെൽ ആന് മറിയും പ്രഫ. ഴാംഗ് ലൂയി ലൊമെലിയും മഹാത്മാ ഗാന്ധി സർവകലാശാലയിൽ.

(പി.ആർ.ഒ./39/1838/2022)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എ തമിഴ്(2020 അഡ്മിഷൻ പി.ജി.സി.എസ്.എസ് റെഗുലർ ഓഗസ്റ്റ് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 25വരെ ഓൺലൈനിൽ അപേക്ഷ നൽകണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................

2022 ഓഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എ ജേണലിസം ആൻറ് മാസ് കമ്മ്യൂണിക്കേഷൻ, എം.എസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 25 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1839/2022)

## ക്വട്ടേഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ പുല്ലരിക്കുന്ന് കാമ്പസിൽ ലഘുഭക്ഷണ ശാല ആരംഭിക്കുന്നതിന് പുനർ ക്വട്ടേഷന് ക്ഷണിച്ചു. ജനുവരി 17 ഉച്ചകഴിഞ്ഞ് മൂന്നിനു മുൻപ് സമർപ്പിക്കണം. ഫോൺ:9747772069

(പി.ആർ.ഒ./39/1840/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**